Malayala Manorama

11 August 2018

Aluva: Water Level rises, Flood Hit,

ജില്ല സജ്ജം: ഭയം വേണ്ട

പെരിയാറിന്റെ മലയാറ്റൂർ, കാലടി ആലുവ പ്രദേശത്ത് രാത്രി ഒരടിയോളം വെള്ളം ഉയർന്നു

അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും സൗജന്യ റേഷൻ നൽകുമെന്ന് മന്ത്രി

ആശങ്കയിൽ ആലുവ

വ്യവസായ ശാലകൾ സുരക്ഷിതം: കലക്ടർ

കൊച്ചി • ജില്ലയിലെ വ്യവസായ ശാലകൾ സുരക്ഷിതമാണെന്ന് കലക്ടർ മുഹമ്മദ് സഫിറുല്ല. പെരിയാറിലെ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ ജില്ലയിലെ വ്യവസായ ശാലകളുടെ സുരക്ഷ സംബന്ധിച്ച അവലോകനയോഗത്തിലാണ് കലക്ടർ ഇക്കാര്യം വ്യക്തമാക്കിയത്.

പുഴയുടെ തീരത്തുള്ള ഏലൂർ വ്യവസായ മേഖലയിലെ വ്യവസായശാലകളിൽനിന്ന് 90 ശതമാനം രാസവസ്തുക്കളും സുരക്ഷിത സ്ഥാനത്തേക്കു മാറ്റി.

രാസവസ്തുക്കൾ പൊതുജലാശയങ്ങളിൽ കലരാതിരിക്കാൻ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്.

പെട്രോൾ, ഡീസൽ തുടങ്ങിയ വസ്തുക്കളുടെയും വിവിധ കമ്പനികളിലേക്കു കൊണ്ടുപോകേണ്ട അപകടകരമായ രാസവസ്തുക്കളുടെയും ഗതാഗതം സംബന്ധിച്ചു സുരക്ഷാ ക്രമീകരണങ്ങൾ കർശനമായി പാലിക്കാൻ കമ്പനികൾക്ക് നിർദേശം നൽകി.

നിലവിൽ കമ്പനികൾ നടത്തുന്ന ഉൽപാദനം, ഓരോ പ്ലാന്റിന്റെയും ചുമതലയുള്ള ജീവനക്കാർ, സ്വീകരിച്ചിട്ടുള്ള സുരക്ഷാ മുൻകരുതലുകൾ എന്നിവ സംബന്ധിച്ചു വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കമ്പനികൾക്ക് കലക്ടർ നിർദേശം നൽകിയിട്ടുണ്ട്. 24 മണിക്കൂറും ജീവനക്കാരുടെ സേവനം കമ്പനികളിൽ ലഭ്യമാക്കണം.

അടിയന്തര സാഹചര്യമുണ്ടായാൽ ദുരന്ത നിവാരണ വിഭാഗം, പൊലീസ്, ഫയർ ഫോഴ്സ് എന്നിവരുമായി ബന്ധപ്പെടാനുള്ള നിർദേശവും നൽകി.

മൂന്ന് മീറ്റർ വരെ ജലനിരപ്പ് ഉയർന്നാലും വ്യവസായ ശാലകളുടെ സുരക്ഷയെ ബാധിക്കില്ലെന്നും കലക്ടർ അറിയിച്ചു.

ദുരന്തനിവാരണ വിഭാഗം ഡപ്യൂട്ടി കലക്ടർ പി.ഡി. ജിജി ദേവി, ഫാക്ട്, ബിപിസിഎൽ, ഇന്ത്യൻ ഓയിൽ കോർപറേഷൻ എന്നി കമ്പനികളുടെ പ്രതിനിധികളും, ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ്, മലിനീകരണ നിയന്ത്രണ ബോർഡ് ജീവനക്കാരും യോഗത്തിൽ പങ്കെടുത്തു.

കർക്കടക വാവുബലി തർപ്പണത്തിന്റെ തലേന്നു രാത്രി ആലുവ മണപ്പുറത്തിനു മുകളിലെ ശിവക്ഷേത്ര പരിസരത്ത് എത്തിയവർ. ഇന്നു പുലർച്ചെ മൂന്നു മുതലാണു വാവുബലി.